ജി.ഡബ്ല്യൂ.എൽ.പി.എസ്. പച്ചനക്കൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ



# ആമുഖം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായ സുപ്രധാനമായ രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കുക, കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ച് സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്യുക എന്നിവ ഇതിന്റെ പ്രധാനലക്ഷ്യങ്ങളിൽ പെടുന്നു. ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നലക്ഷ്യം അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ കൈവരിക്കാം. ഗുണമേന്മ-യുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ഉറപ്പാക്കുന്നതിനും അക്കാദമിക മികവ് വിലയിരുത്തുന്നതിനും സഹായകമായ തരത്തിലുള്ള പ്രവർത്തനങ്ങൾ മാസ്റ്റർപ്ലാനിൽ ഉണ്ട്. മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കു വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക് മാസ്റ്റർ പ്ലാൻ ഒരു സ്കൂളിന്റെ പ്രധാനമാർഗ്ഗരേഖയാണ്.

# സ്കൂൾ ചരിത്രം

1950 കളിൽ ഈ പ്രദേശത്ത് നിലനിന്നിരുന്ന സാമൂഹിക പശ്ചാത്തലം ഇന്നത്തേതിൽ നിന്നും വ്യത്യസ്തമായിരുന്നു. റോഡ്, വൈദ്യുതി എന്നിവയില്ലായിരുന്നു. ജന്മി സമ്പ്രദായം നിലനിൽക്കുകയും 15 വയസ്സുവരെ പ്രായമുള്ളവരെ സ്കൂളിൽ അയക്കാറില്ലായിരുന്നു. ഈ സാഹചര്യം നിലനിൽക്കുമ്പോഴാണ് കൊച്ചുകുന്ന് അടുപ്പേരിൽ, പാതിരിപ്പേരിൽ മാധവൻ പിള്ള. മുകടിയിൽ ദേവൻ, വെളുമ്പൻ, കൂനിയിൽ കെ. സി. കൊച്ചുകുന്ന്. ദിനാത്തുപുരയിൽ കേവൻ എന്നിവരുടെ നേതൃത്വത്തിൽ 1956 ജൂൺ 4ന് പുളിയ്ക്കൽ കളിയിൽ (കൃഷിയും) വാകെ ഇല്ലാത്ത പ്രദേശത്തെ കർഷകതൊഴിലാളികളും മറ്റുമുള്ള പാർട്ടി പ്രവർത്തകരും ചേർന്ന് സ്കൂൾ പ്രവർത്തനം ആരംഭിച്ചു. പിന്നീട് എം. എൻ. എ ശ്രീ. പി. കെ കുഞ്ഞച്ചൻ അവർകളുടെ പിന്തുണയും ഉണ്ടായിരുന്നു. വിവിധ പ്രായത്തിലുള്ള 68 കുട്ടികളെ ഒന്നാം ക്ലാസിൽ ചേർത്തു. തുടർന്ന് കെ ഗംഗാധരൻ മലയിൽ ക്ലാസിൽ ആദ്യ അധ്യാപകനായി നിയമിച്ചു. തുടർന്ന്. പ്രധാനാധ്യാപകൻ പി. കെ ഗംഗാധരൻ, കരിമുളയ്ക്കൽ അരിപ്പുംവിളയിൽ അനന്തൻ നാണു, കുരുമ്പോലിൽ വക്കെ

ൽ സുമനസ്സുകളായ പൂർവ്വ അദ്ധ്യാപകരായിരുന്ന
ന്ന് മാനേജ്മെന്റ് സ്ഥലം വാങ്ങുന്നതിന്.
രുമാനിച്ചു. കുന്നിൽ ശ്രീമാൻ കുഞ്ഞൻ കാളി 250 രൂ-
യ്ക്ക് 15 സെന്റ് നൽകുകയും. പ്രദേശവാസികളുടെ
സഹായമായി ഒരു താൽക്കാലിക കെട്ടിടം പണിയുകയും
ചെയ്തു. പിന്നീട് 60 അടി നീളത്തിൽ കെട്ടിടം
നിർമ്മിക്കുകയും 1957ൽ സ്കൂൾ ഗവൺമെന്റിന് കൈമാ-
റുകയും ചെയ്തു. സ്കൂളിനോട് ചേർന്ന് പ്രവർത്തി-
ച്ചു കൊണ്ടിരുന്ന ഗ്രന്ഥശാല നിയമപരമായി ഒന്നിച്ച്
കൊണ്ടുപോകാൻ കഴിയാത്തതിനാൽ വേർപെടുത്തേ-
ണ്ടിവന്നു. അന്ന് കാലഘട്ടത്തിൽ ഓരോ ക്ലാസിലും 2 ഡിവി-
ഷൻ വീതം ഉണ്ടായിരുന്നു.

2008 - 2009 സുസ്ഥിരവികസനങ്ങൾക്ക്

പ്രാധാന്യം നൽകിയ അധ്യയനവർഷമായിരുന്നു. ഈ
പ്രവർത്തനങ്ങളോട് വിദ്യാലയത്തിന്റെയും വ്യക്തി
വികസനത്തെയും. നാടിന്റെ സമഗ്രതയെയും ലക്ഷ്യമിട്ട്.
സമഗ്രപരിപോഷണ പ്രവർത്തനങ്ങൾ 20 ഇന
വികസനങ്ങൾ എന്ന പേരിൽ തനതു പ്രവർത്തന
മാക്കിയിരുന്നു. ഇതുമൂലം സമൂഹവുമായി ഒരു ആ
ത്മബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു.

## നിലവിലെ അവസ്ഥാ വിശകലനം

### ഭൗതികം :- ഘടകങ്ങൾ.

ഭിന്നശേഷി കുട്ടികൾക്ക് ശിശുസൗഹൃദ ഇരിപ്പിടങ്ങളും ശൗച്യ കാര്യങ്ങളും ലഭ്യമാണ്. ആധുനിക രീതിയിലുള്ള കിച്ചൺ കം സ്റ്റോറും നിലവിലുണ്ട്.

### ഭൗതികം :- പരിമിതികൾ.

ഓഫീസ്, ക്ലാസ്സ്മുറികൾ, സ്റ്റാഫ്റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. ചുറ്റുമതിൽ ഇല്ല. ശൗചാലയം ആധുനിക രീതിയിൽ ഉള്ളതല്ല. ഭോജനശാലയുടെ അഭാവം. സ്മാർട്ട് ക്ലാസ് റൂമിന്റെ അഭാവം. കളിസ്ഥലം, ജൈവ വൈവിധ്യ പാർക്ക് എന്നിവ അനിവാര്യമാണ്. കമ്പ്യൂട്ടർ ലാബിന്റെ അഭാവം. അസംബ്ലി ഹാൾ ആവശ്യമാണ്.

## നിലവിലെ അവസ്ഥാ വിശകലനം

| ക്ലാസ് | കുട്ടികളുടെ എണ്ണം |
|---|---|
| പ്രീപ്രൈമറി | 15 |
| ക്ലാസ് - 1 | 7 |
| ക്ലാസ് 2 | 9 |
| ക്ലാസ് 3 | 9 |
| ക്ലാസ് 4 | 11 |

ആകെ കുട്ടികൾ 51

പ്രധാനാധ്യാപിക : ഷെറിൻ. കെ. മോഹൻ

അധ്യാപകർ : അഞ്ജിത. വി. ദേവൻ

: ഭാഗ്യ. ജി.

: രശ്മി. ആർ

പ്രീപ്രൈമറി ടീച്ചർ :- രഞ്ജിനി.

ആയ : സുലോചന

പി.ടി.എ.പ്ര : രാജീവ്. ആർ.

SRG Convenor :- ഭാഗ്യ. ജി.

Cook : വിധുശങ്കർ.

## പൊതുലക്ഷ്യങ്ങൾ:

* ഗ്രാമീണ അന്തരീക്ഷത്തിൽ നിലകൊള്ളുന്ന സമഗ്ര വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

* അക്കാദമിക മികവിന് ഉതകുന്ന തരത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

* പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തനകലണ്ടർ ആവിഷ്ക്കരിക്കൽ.

* പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സവിശേഷ ശ്രദ്ധ നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുക.

* സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും എഴുത്ത്, വായന, ലഘുഗണിതം എന്നിവയിൽ പ്രാഥമിക പരിജ്ഞാനം ഉണ്ടാക്കുക.

* അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉതകുന്ന വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കൽ.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇന്ത്യയിൽ ഇന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യമാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക, ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കുട്ടികൾക്ക് വേണ്ട പഠനപിന്തുണാ പരിപാടി സംഘടിപ്പിക്കുക, നിരന്തര മൂല്യനിർണ്ണയ പ്രക്രിയ കാര്യക്ഷമമാക്കുക, കൂടുതൽ ശ്രദ്ധ വേണ്ട കുട്ടികൾക്ക് പ്രത്യേകം പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ നമ്മുടെ സ്കൂളിന്റെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഉണർവ്വ് വിദ്യാഭ്യാസ പദ്ധതി ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുന്നു. കുട്ടികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ് മുറിയെയും പഠനത്തിന്റെ മികവുറ്റ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ഓരോ കുട്ടിയുടെയും പഠനമികവിനെ പരിപോഷിപ്പിക്കുകയും അവരുടെ അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും ആവശ്യമായ പിന്തുണ നൽകി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരുകയും ചെയ്യുക എന്നതാണ് മാസ്റ്റർ പ്ലാനിന്റെ കാതൽ.

## വിദ്യാലയം - മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

* പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവതാത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
* പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
* ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലെ കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
* പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുന്നതിനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തരാക്കൽ
* ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

# വികസനത്തിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം |
| --- | --- |
| * ഭാഷാശേഷി വികസനം | * ക്ലാസ്മുറികൾ |
| * ഗണിതശേഷി വികസനം | * ഓഫീസ് മുറി |
| * ഇംഗ്ലീഷ് പഠനപരിപോഷണം | * സ്റ്റാഫ് മുറി |
| * ശാസ്ത്രപോഷണപരിപാടി | * ചുറ്റുമതിൽ, ഗേറ്റ് |
| * വായനാ പരിപോഷണം | * ചിൽഡ്രൻസ് പാർക്ക് |
| * ലൈബ്രറി ശാക്തീകരണം | * സ്മാർട്ട് ക്ലാസ് റൂം |
| * കലാ-കായികമേള | * കമ്പ്യൂട്ടർ ലാബ് |
| * രചനാ ശില്പശാല | * ഡൈനിംഗ് ഹാൾ |
| * കായിക പഠനം | * അസംബ്ലി ഹാൾ |
| * പ്രവൃത്തി പരിചയപഠനം | * കളിസ്ഥലം |
| * പഠനയാത്രകൾ | * ടോയ്‌ലറ്റ് |
| * പച്ചക്കറി തോട്ടം | * ലൈബ്രറി |
| * അധ്യാപകശാക്തീകരണ പരിപാടികൾ. | * അടുക്കള |
| | * ഹൈടെക്-[illegible] ക്ലാസ്മുറി |

## അക്കാദമികം :- നേട്ടങ്ങൾ.

- ശാസ്ത്രമേള , കലോത്സവം ഇന്നിവയിലെ മികവാർന്ന പ്രകടനങ്ങൾ.
- ഉപജില്ല മത്സരങ്ങളിലൂടെ വിജയം.

## അക്കാദമികം : പരിമിതികൾ.

- വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്.
- സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം. [illegible] ബ [illegible] ഉ [illegible].
- കായികാധ്യാപകന്റെ ലഭ്യത ഇല്ലായ്മ.
-

## തുടർ പ്രവർത്തന പരിപാടികൾ

പ്രവർത്തനം: 1

പേര് :- വായനക്കളരി.

ഉപമേഖല : ഭാഷാശേഷിയുടെ വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ തരത്തിലുള്ള പുസ്തകങ്ങൾ വായനയിലൂടെ പരിചയപ്പെടുന്നു. | ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് വായനക്കായി നൽകുന്നു. അതിന്റെ വായനാക്കുറിപ്പ് തയ്യാറാക്കുന്നു. | ആഴ്ചയിൽ ഒന്നുവീതം | ക്ലാസ് ടീച്ചർ. |

പ്രവർത്തനം: 2

പേര് :- അക്ഷരക്കളി.

ഉപമേഖല :- ഭാഷാ ശേഷികളുടെ വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു. വാക്കുകളിലെ അക്ഷരങ്ങൾ തിരിച്ചറിയുന്നു. | അക്ഷരങ്ങൾ നൽകി പല വാക്കുകൾ ഉണ്ടാക്കുന്ന പ്രവർത്തനം | ആഴ്ചയിൽ 3 ദിവസം | മലയാളം ടീച്ചർ. |

പ്രവർത്തനം : 3

പേര് : എന്റെ പിറന്നാൾ പുസ്തകം.

ഉപമേഖല :- വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. "പിറന്നാൾ" പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 4.

പേര് : സ്കൂൾ ലൈബ്രറി.

ഉപമേഖല :- വായന

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ. | ലൈബ്രറി ചാർജ്ജുള്ള അധ്യാപിക |

പ്രവർത്തനം : 5

പേര് : ക്ലാസ് തല പതിപ്പുകൾ

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ, ക്ലാസിലെ വിവരങ്ങൾ പങ്കു വെയ്ക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ. |

പ്രവർത്തനം : 6

പേര് :- എന്റെ വായനാകുറിപ്പുകൾ

ഉപമേഖല :- ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളെയും [illegible] പൂർണ്ണമായി വായിക്കുന്നതിന എഴുതുന്നതിന പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാകുറിപ്പ് തയ്യാറാക്കൽ. (1,2 ക്ലാസിൽ വായനാകാർഡ്) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം: 7

പേര് : കയ്യെഴുത്തുമാസിക പ്രസിദ്ധീകരണം

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾ കുറിക്കുക അവസരം ഒരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർപത്രം, കയ്യെഴുത്ത് മാസിക ഇവയിൽ നിന്ന്). | ഓരോ ടേമിലും ഒക്ടോബർ മാസത്തിൽ വർഷത്തിൽ ഒന്ന്. | വിദ്യാരംഗം കലാ സാഹിത്യ വേദി. |

പ്രവർത്തനം: 8.

പേര് : രചനോത്സവം.

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | അധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റിയെഴുതൽ | ആഗസ്റ്റ് മുതൽ മാർച്ച് വരെ | വിദ്യാരംഗം കലാ സാഹിത്യ വേദി, ക്ലബ് |

പ്രവർത്തനം : 9

പേര് :- കവിതാലാപനം

ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കവിത ഈണത്തിലും ഉച്ചാരണ ശുദ്ധിയോടും ആലപിക്കുന്നു | വിവിധ കവികളുടെ കവിതകൾ വൃത്തം ഈണത്തിൽ ചൊല്ലുന്നു. | ആഴ്ചയിൽ ഒരിക്കൽ | മെന്റർ ടീച്ചർ |

പ്രവർത്തനം : 10

പേര് :- ദിനാചരണങ്ങൾ

ഉപമേഖല :- സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ SRG യിൽ ആസൂത്രണം ചെയ്ത് നിശ്ചിത ദിവസം സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG |

പ്രവർത്തനം : 11
മേഖല : സർഗ്ഗാത്മകം.
ഉപമേഖല : ഭാഷാവികാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികൾ വികസിപ്പിക്കുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ പ്രോത്സാഹിപ്പിക്കൽ. | വർഷത്തിൽ രണ്ടു പ്രാവശ്യം | ക്ലാസ്സ് അധ്യാപകർ |

## ഗണിതം.

പ്രവർത്തനം 12
മേഖല : ഗണിതപാർക്ക്
ഉപമേഖല : അങ്കഗണിതം/ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾ പ്രയോജനപ്പെടുത്തി. വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |

# ഗണിതം

പ്രവർത്തനം : 13

പേര് : ഗണിതമൂല.

ഉപമേഖല :- ഗണിതകേളികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ (ക്ലാസ്) ഒരുക്കൽ (മുത്തുകൾ, ഈർക്കിൽ കെട്ട്, ബ്ലോക്ക്, കളിനോട്ടുകൾ etc) | ജൂൺ | ഗണിതാധ്യാപിക. |

പ്രവർത്തനം : 14

പേര് :- ഗണിത മധുരം.

ഉപമേഖല : ഗണിതകേളി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിന് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ, ക്ലാസ്സ് തല ശില്പശാല | ജൂലൈ മുതൽ | ഗണിതാധ്യാപിക |

പ്രവർത്തനം : 15

പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല.

ഉപമേഖല : - വർക്ക്ഷീറ്റ് തയ്യാറാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചാര്യ പാഠ്യപദ്ധതിയിൽ നിന്നും ശിശുകേന്ദ്രീകൃത ആഴപ്പെടുത്തൽ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും ഉൾപ്പെടുത്തുക. | എല്ലാ ക്ലാസ് റൂമിലേക്കും പഠന നേട്ടങ്ങൾ വെച്ച് ചെയ്യുന്ന വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഒരു മേഖലയ്ക്ക് ഉടനെ. | SRG. ഗണിത ഫോറം |

പ്രവർത്തനം : 16

പേര് : യൂണിറ്റ് വിലയിരുത്തൽ.

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉദ്ദേശപരമായ ധാരണ കൈവരിച്ചുവോ എന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം യൂണിറ്റ് ടെസ്റ്റ് നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. |

# ഇംഗ്ലീഷ്

പ്രവർത്തനം 17

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് അസംബ്ലി.

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളും ഇംഗ്ലീഷ് ഭാഷ നന്നായി വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലി മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. കൂടാതെ അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ഓരോ ക്ലാസുകൾക്കും ഊഴമിട്ട് ചുമതല നൽകൽ. | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ |

പ്രവർത്തനം - 18

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് തീയറ്റർ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ. | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠങ്ങളെ പുസ്തകത്തിൽ പരിചയപ്പെട്ടിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ [illegible] | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അധ്യാപകർ |

പ്രവർത്തനം : 19
പേര് : ഇംഗ്ലീഷ് ഫെസ്റ്റ്
ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കാൻ. | ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനവും ഇംഗ്ലീഷിൽ തന്നെ ചെയ്യുക (മാർച്ച് മാസം) | മാസത്തിൽ ഒരിക്കൽ | എച്ച് എം മറ്റ് അധ്യാപകർ |

പ്രവർത്തനം : 20
പേര് : ഗ്രാമർ സ്കൂൾ
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവുണ്ടാക്കൽ. | വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് ടീച്ചർ. |

പ്രവർത്തനം : 21
പേര് : ഇംഗ്ലീഷ് കോർണർ
ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് പഠനത്തിലാസക്തി ജനിപ്പിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പ്രത്യേക സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കാനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിവാര പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് |

പ്രവർത്തനം : 22
പേര് : പദപ്രശ്ന നിർമ്മാണം.
ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് പഠനം കളികളിലൂടെ. | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് |

പരിസര പഠനം

പ്രവർത്തനം: 23

പേര് : പഠനയാത്രകൾ.

മേഖല : EVS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | SRG |

പ്രവർത്തനം : 24

പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ശാസ്ത്ര പഠനതാൽപര്യം വളർത്തുക, ശാസ്ത്രബോധം ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാകുന്നതരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | ജൂലൈ മാസം | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 25

പേര് : കായിക പരിശീലനം.

മേഖല : കായികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| കായിക പരിശീലനം കാര്യക്ഷമമാക്കൽ. | * ആഴ്ചയിൽ രണ്ട് ദിവസം കായിക പരിശീലനം നൽകുക<br>* Zumbe dence പരിശീലനം | ആഴ്ചയിൽ 2 ദിവസം<br>* ആഴ്ചയിൽ ഒന്ന് | Tr.<br>* Zumbe Master |

പ്രവർത്തനം : 26

പേര് : പച്ചത്തുരുത്ത്.

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| കാർഷിക സംസ്കാരം വീണ്ടെടുക്കൽ. | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചത്തുരുത്ത് ഉണ്ടാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | SRG |

പ്രവർത്തനം : 27

പേര് :- അതിഥിയെ അറിയൽ

ഉപമേഖല :- സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | വിലയിരുത്തൽ |
|---|---|---|---|
| ചർച്ചകൾ അതിഥികളുടെ ഇടയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരം ഒരുക്കൽ. | ഒരു പിരീഡ് ഒന്ന്. | SRG |

പ്രവർത്തനം : 28

പേര് : പ്രവൃത്തിപരിചയശില്പശാല

ഉപമേഖല :- നിർമ്മാണ കഴിവുകൾ വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | വിലയിരുത്തൽ |
|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. ചോക്ക്, പാവ, ചവുട്ടി നിർമ്മാണം | രണ്ടുമാസം | SRG |

പ്രവർത്തനം : 29
പേര് : മേളകൾ
മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രം പ്രവർത്തനത്തിന് കുട്ടികൾ മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും. പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ല. തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് |

പ്രവർത്തനം : 30
പേര് : ക്ലാസ് പി.ടി. എ സംഘടിപ്പിക്കൽ
മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ. | ക്ലാസ് പി. ടി. എ കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ പഠനപുരോഗതി പരിശോധിക്കൽ. മികവുകളുടെ അവതരണം ചർച്ചചെയ്തു. | പ്രതിമാസ പരിപാടി | ക്ലാസ്ടീച്ചർ. |

# ഉപസംഹാരം

ജി.ഡബ്ല്യു.എൽ.പി സ്കൂൾ പയ്യനല്ലൂരിന്റെ 2025 – 2026 അക്കാദമിക മികവ് വരും വർഷങ്ങളിൽ ആസൂത്രിതവും സമയബന്ധിതവുമായി വർധിപ്പിക്കാനുള്ള പ്രവർത്തന പദ്ധതികളാണ് മേൽ കൊടുത്തിരിക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ PTA, SMC, അധ്യാപകർ പൊതുസമൂഹം എന്നിവരുടെയെല്ലാം സഹകരണത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന പ്രതീക്ഷയോടെ ഈ വാർഷിക പ്ലാൻ ഉപസംഹരിക്കുന്നു.